# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)*

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ -സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ്- ജീവനക്കാരുടെ ശമ്പളം - 2018-19 - രണ്ടാം ഗഡു തുക അനുവദിച്ച്- ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം:
1. 2018-19 വർഷത്തെ എൻയുഎൽഎം വാർഷിക കർമ്മ പദ്ധതി
2. 28/3/2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
3. 28/06/2018-ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
4. വിവിധ നഗരസഭാ സെക്രട്ടറിമാരുടെ അപേക്ഷകൾ

**ഉത്തരവ് നമ്പർ 4916/F/2015/KSHO തീയതി 28..09..2018**

സംസ്ഥാന കുടുംബശ്രീ നോഡൽ ഏജൻസിയായി നഗരസഭകൾ വഴി നിർവ്വഹണം ചെയ്തു വരുന്ന 'ദേശീയ നഗര ഉപജീവന മിഷന്റെ' സിറ്റി സെല്ലിലെ ജീവനക്കാർക്ക് 2018-19-ലെ ശമ്പളവും അനുബന്ധ ചെലവുകൾക്കുമായി ആവശ്യമായി വരുന്ന എച്ച്.ആർ.ഫണ്ട് ആകെ 6,56,94,000/- രൂപ പരാമർശം (1) പ്രകാരം കണക്കാക്കിയിരുന്നു. പരാമർശം (2) പ്രകാരം ടി ജീവനക്കാരുടെ ശമ്പളത്തിനുള്ള 50% തുക 3,29,22,000/- രൂപ അനുവദിച്ചിരുന്നു.

സിറ്റി മിഷൻ മാനേജർമാരുടെ സേവനം ഇല്ലാതിരുന്ന നഗരസഭകളിൽ പുതിയ മാനേജർമാർ ചാർജ്ജെടുത്ത സാഹചര്യത്തിൽ ശമ്പള വിതരണത്തിനുള്ള ഫണ്ട് അപര്യാപ്തമാണെന്ന സ്ഥിതി കണക്കിലെടുത്ത് 17 നഗരസഭകൾക്ക് 2018 ജൂൺ മുതൽ 2018 സെപ്റ്റംബർ വരെയുള്ള 4 മാസത്തേയ്ക്ക് ശമ്പള വിതരണത്തിനായി 1,60,000/- രൂപ നിരക്കിൽ ആകെ 27,20,000/- രൂപ അനുവദിച്ചു പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (4) പ്രകാരം ശമ്പള വിതരണത്തിന് ലഭ്യമായ തുക വിനിയോഗിച്ചു കഴിഞ്ഞെന്നും തുടർന്നുള്ള ഫണ്ട് അനുവദിക്കണമെന്നും വിവിധ നഗരസഭാ സെക്രട്ടറിമാർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലേയും നഗരസഭകളിലേയും എൻയുഎൽഎം സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റിന് ശമ്പള യിനത്തിൽ വാർഷിക പദ്ധതിയിൽ വകയിരുത്തിയ പ്രകാരം 01/10/2018 മുതൽ

31/3/2019-വരെയുള്ള 6 മാസത്തേയ്ക്ക് ആവശ്യമുള്ള 41796787/- രൂപ (നാല് കോടി പതിനെഴ് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുന്നൂറ്റി എൺപത്തിയെഴ് രൂപ മാത്രം) ബന്ധപ്പെട്ട കോർപ്പറേഷൻ/ നഗരസഭാ സെക്രട്ടറിമർക്ക് അനുവദിച്ചു ഉത്തര വാകുന്നു.

ടി ചെലവ് എൻയുഎൽഎം ഫണ്ടിലെ HR & CB ശീർഷകത്തിൽ Staff Salary, TA, Engagement of Mult Task Personnel, Salary of CO 4.1, 4.2, 4.3, 4.4 എന്നീ ഉപ ശീർഷകങ്ങളിൽ വകയിരുത്തേണ്ടതാണ്.

**ഉള്ളടക്കം : നഗരസഭ പട്ടിക**

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

Passed for payment Rs. 29,12,062/- (Rupees Twenty nine lakhs twelve thousand and sixty two only) vide Cheque no. 141926 dt. 28/9/18

Acct / Aco / Dir / Exe. Director

പകർപ്പ്

Passed for payment Rs. 29,76,858/- (Rupees Twenty nine lakhs seventy six thousand eight ...

കരുതൽ/അധികം

https://mail.google.com/mail/u/0/?ui=2&ik=f64324451e&jsver=t2f-c2eQLWQ.en.&cbl=gmail_fe_180926.06_p4&view=pt&msg=166385cf978bc704&sea... 1/1

Acct / Aco / Dir / Exe. Director Acct / Aco / Dir / Exe. Director